LIBRARY ARCHIVES Kerala Legislative Assembly

ചെറുകിട-ചില്ലറ വ്യാപാര സ്ഥാപനങ്ങളിലെ പ്രശ്നങ്ങൾ

15 (*795) ശ്രീ. എളമരം കരീം :

ശ്രീ. ജെയിംസ് മാത്യു :

ശ്രീ. ബാബു എം. പാലിശ്ശേരി :

ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്തെ പീടികകളിലും ചില്ലറ വില്പനശാലകളിലും അടിസ്ഥാന സൗകര്യങ്ങൾ പോലുമില്ലാതെ പന്ത്രണ്ട് മണിക്കൂറോളം പണിയെടുക്കുന്ന ഇവർക്ക് മിനിമം വേതനം പോലും ലഭിക്കുന്നില്ലെന്നതുമായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ പരിശോധന നടത്താറുണ്ടോ ; എങ്കിൽ കണ്ടെത്തൽ എന്തായിരുന്നു ; അടിസ്ഥാന സൗകര്യവും മിനിമം വേതനവും ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ ;

(സി) സംസ്ഥാനത്ത് ചെറുകിട-ചില്ലറ വില്പനശാലകളിൽ പണിയെടുക്കുന്നവരുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) കേരള പീടിക വാണിജ്യ സ്ഥാപന തൊഴിലാളിക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം അവലോകനം ചെയ്തിരുന്നോ ; വിശദാംശം നൽകുമോ ;

(ഇ) പീടിക തൊഴിലാളി ക്ഷേമനിധിയിൽ എത്ര അംഗങ്ങളുണ്ടെന്ന് വെളിപ്പെടുത്താമോ ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) :

(എ) ഉണ്ട്.

(ബി) തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ പരിശോധന നടത്തി, 1948-ലെ മിനിമംവേതന നിയമപ്രകാരമുള്ള കുറഞ്ഞ കൂലി, 1960-ലെ കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമപ്രകാരം ലഭ്യമാകേണ്ട ആനുകൂല്യങ്ങൾ, 1958-ലെ കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ് (N&FH) നിയമപ്രകാരമുള്ള ശമ്പളത്തോടുകൂടിയ ദേശീയ ഉത്സവ അവധി ദിവസങ്ങൾ, 1961-ലെ മെറ്റേണിറ്റി ബനിഫിറ്റ് ആക്ട് പ്രകാരം സ്ത്രീ തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങൾ എന്നിവ ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താറുണ്ട്.

(സി) പൂർണ്ണമായ വിവരങ്ങൾ ലഭ്യമല്ല. എന്നാൽ 30-6-2014 വരെയുള്ള കണക്കുകൾ പ്രകാരം, കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർഫണ്ട് ബോർഡിൽ 6,93,342 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) ഉണ്ട്. ബോർഡിനെ സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും peedika.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭിക്കുന്നതാണ്.

(ഇ) കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വെൽഫെയർ ഫണ്ട് ബോർഡിൽ 30-6-2014 വരെ 6,93,342 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ചെക്ക്ഡാമുകളും റെഗുലേറ്ററുകളും നിർമ്മിക്കാനുള്ള പദ്ധതി

16 (*796) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) അതിരൂക്ഷമായ വരൾച്ചയും കാലാവസ്ഥ വ്യതിയാനവും കണക്കിലെടുത്ത് ജലസംരക്ഷണത്തിനായി ചെക്ക്ഡാമുകളും റെഗുലേറ്ററുകളും നിർമ്മിക്കുന്നതിനായി മുൻവർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതിയുടെ അവലോകനം നടത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) എത്ര ചെക്ക്ഡാമുകളും റെഗുലേറ്ററുകളും നിർമ്മിക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നതെന്നും അതിൽ എത്രയെണ്ണം പൂർത്തിയാക്കിയെന്നും അറിയിക്കുമോ ;

(സി) ഇതിനായി ഇതുവരെ എത്ര തുക ചെലവഴിച്ചെന്നും ഇനി പദ്ധതി പൂർത്തീകരിക്കാനായി എത്രയുക കൂടി വേണ്ടിവരുമെന്നുമാണ് കണക്കാക്കിയിരിക്കുന്നതെന്നും അറിയിക്കുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ & ബി) 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ, 400 കോടി രൂപ മുടക്കി 700 ചെക്ക്ഡാമുകൾ നിർമ്മിക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്. ഇതിന്റെ ഒന്നാംഘട്ടത്തിൽ 106.6 കോടി രൂപ എസ്റ്റിമേറ്റ് തുകയ്ക്ക് 183 ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി 25-4-2014-ൽ നൽകിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ബാക്കി ചെക്ക് ഡാമുകളുടെ പണി ഏറ്റെടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly